


# ശ്രീ പുരന്ദരദാസർ (1484–1564)



**പ്രൊഫ. രുഗ്മിണി ഗോപാലകൃഷ്ണൻ**
*റിട്ടയേർഡ്. പ്രിൻസിപ്പാൾ*
*ചെമ്പൈ മെമ്മോറിയൽ ഗവ: മ്യൂസിക് കോളേജ്, പാലക്കാട്.*

കർണ്ണാടക സംഗീതത്തിന്റെ പിതാമഹൻ എന്നറിയപ്പെടുന്ന ശ്രീ പുരന്ദരദാസരെപ്പറ്റി അറിയാത്ത സംഗീതജ്ഞരാരും തന്നെ കാണുകയില്ല. ഭകതി, കല, ക്ലാചാരം എന്ന മൂന്നും ചേർന്ന ഒരു മനുഷ്യരൂപമാണ് ശ്രീ പുരന്ദരദാസർ. അദ്ദേഹം തന്റെ ജീവിതം തന്നെ ഭഗവാൻ ശ്രീ കൃഷ്ണന്റെ പാദത്തിൽ അർപ്പിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ കോടീശ്വരനായ ഒരു രത്ന വ്യാപാരിയായിരുന്നു. പുരന്ദരദാസന് ഇരുപത് വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇഹലോകവാസം വെടിഞ്ഞു. അതോടെ സ്വത്തുക്കൾക്കെല്ലാം ദാസർ അവകാശിയായിത്തീർന്നു. ധാരാളം സ്വത്ത് ഉണ്ടായിട്ടും അദ്ദേഹം തുടർന്നും രത്നവ്യാപാരത്തിൽ മുഴുകി വലിയ ധനാഢ്യനായി. അതുകൊണ്ട് ജനങ്ങൾ അദ്ദേഹത്തെ നവകോടി നാരായണൻ എന്നു വിളിച്ചിരുന്നു.

ഇദ്ദേഹത്തിന്റ അച്ഛനമ്മമാർ നൽകിയ പേര് ശ്രീനിവാസൻ എന്നായിരുന്നു ശ്രീ പുരന്ദരാസർ 500 വർഷങ്ങൾക്കുമുൻപ് ബല്ലാരി ജില്ലയിൽ ഹംപി നഗരത്തിലെ പുർന്ദരഘട്ട് എന്ന സ്ഥലത്താണ് ജനിച്ചത്. അദ്ദേഹം മഹാപിശുക്കനും അത്യാഗ്രഹിയും ആയിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ധർമ്മപത്നി നേരേ മറിച്ച് ധാരാളിത്ത സ്വഭാവമുള്ളവൾ ആയിരിന്നു. ധാരാളം പണമുണ്ടായിട്ടും അദ്ദേഹം ആർക്കും മനസാവാചാ ഒരു പൈസ പോലും ദാനം ചെയ്യുകയില്ലായിരുന്നു. ഒരു ദിവസം ഒരു ദരിദ്ര ബ്രാഹ്മണൻ തന്റെ പേരക്കിടാവിന്റെ ഉപനയനത്തിനായി എന്തെങ്കിലും സഹായം ചെയ്യണമെന്ന് അഭ്യാർത്ഥിച്ചു. പക്ഷേ ശ്രീനിവാസൻ പല ഒഴിവുകഴിവുകളും പറഞ്ഞ് ആ ബ്രാഹ്മണനെ ഒരു പൈസപോലും സഹായം നൽകാതെ നിർദ്ദാക്ഷണ്യം തിരിച്ചയച്ചു. ഒടുവിൽ ദു:ഖിതനായ ആ ബ്രാഹ്മണൻദാസരുടെ പത്നി സരസ്വതീ ഭായിയുടെ അടുക്കൽ ചെന്ന് സങ്കടം പറഞ്ഞ് യാചിച്ചു. ഭർത്താവിന്റെ പണക്കൊതിയിലും, ദാനധർമ്മം എന്നുള്ള ചിന്തയേ ഇല്ലാത്ത അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചും ആ സാധു സ്ത്രീ ഒരുപാട് ദു:ഖിതയായിരുന്നു. കൊടുക്കാനായി യാതൊന്നും ഇല്ലാത്ത ആ സാധു സ്ത്രീ തന്റെ വൈര മൂക്കുത്തി അഴിച്ച് ബ്രാഹ്മണന് സമ്മാനിച്ചു. ബ്രാഹ്മണൻ വളരെ സന്തുഷ്ടനായി. പക്ഷേ പണമാണല്ലോ വേണ്ടത് ? എന്നാൽ മൂക്കുത്തി വിറ്റ് പണമാക്കാം എന്നു വിചാരിച്ച് രത്ന വ്യാപാരിയായ ശ്രീനിവാസ നായ്ക്കരുടെ കടയിൽ തന്നെ ചെന്നു. ദാനം ഒന്നും എനിക്ക് വേണ്ട മൂക്കുത്തിയുടെ വില തന്നാൽ മതി എന്ന് ബ്രാഹ്മണൻ പറഞ്ഞു. തന്റെ പത്നിയുടെ മൂക്കുത്തിയാണെന്ന്

സംശയം തോന്നിയ നായ്ക്കർ മൂക്കുത്തി പെട്ടിയിൽ ഇട്ട് പൂട്ടി താക്കോലും കൈയ്യിലെടുത്ത് കുറച്ചു വിശ്രമിക്കൂ ഞാനിതാവരാം എന്ന് ബ്രാഹ്മണനോടു പറഞ്ഞ് വീട്ടിലേയ്ക്ക് പോയി. ഭാര്യയോട് നിന്റെ മൂക്കുത്തി ഒന്നെടുക്കൂ കാണട്ടെ എന്ന് ചോദിച്ചു. ഭാര്യ പൂജാമുറിയിൽ ചെന്ന് കരഞ്ഞുകൊണ്ട് ഭഗവാനെ ഞാൻ എന്തുചെയ്യും ? മൂക്കുത്തി ബ്രാഹ്മണന് ദാനം ചെയ്തു എന്നു പറഞ്ഞാൽ ഭർത്താവിന് കടുത്ത ദേഷ്യം വരുമല്ലോ. ഈശ്വരാ എന്നെ രക്ഷിക്കണേ എന്ന് പ്രാർത്ഥിച്ചപ്പോൾ ഭഗവാന്റെ മുൻപിൽ അതേ മൂക്കുത്തി ഇരിക്കുന്നതു കണ്ടു. ഉടൻ അതെടുത്ത് ഭർത്താവിന്റെ കൈയ്യിൽ കൊടുത്തു. ഓടി കടയിൽ ചെന്ന് പെട്ടി തുറന്ന് നോക്കുമ്പോൾ മൂക്കുത്തി കണ്ടില്ല. ആ ബ്രാഹ്മണൻ സാക്ഷാൽ ഭഗവാൻ ആയിരുന്നു എന്ന് നായ്ക്കർ ഒരു നിമിഷത്തിൽ മനസ്സിലാക്കി. തന്റെ ഭാര്യയുടെ ഭക്തിയെക്കുറിച്ച് അദ്ദേഹം വിസ്മയിച്ചു പോയി. ഈ സംഭവം അദ്ദേഹത്തിന്റെ സ്വഭാവത്തിലും മനസ്സിലും വലിയ ഒരു മാറ്റം ഉണ്ടാക്കി. പെട്ടെന്ന് ഉണ്ടായ ഈ മാറ്റം കൊണ്ട് അദ്ദേഹത്തിനകത്ത് ഉണ്ടായിരുന്ന ഭക്തി എന്ന ഉയർന്ന ചിന്തയെ ഒളിപ്പിച്ചിരുന്ന അതിശയോക്തിയായ തിര മാറി. അന്നു മുതൽ തന്റെ അതേവരെയുള്ള ജീവിത രീതി ഉപേക്ഷിച്ച് പുതിയ ഒരു ജീവിതം ആരംഭിക്കുകയും ചെയ്തു. തന്റെ സ്വത്തു മുഴുവനും പാവപ്പെട്ടവർക്ക് ദാനം ചെയ്തു. ദരിദ്ര ബ്രാഹ്മണ രൂപത്തിൽ എത്തി തന്റെ ദു:സ്വഭാവങ്ങളെയെല്ലാം മാറ്റി ഭക്തി എന്ന സാഗരത്തിൽ തന്നെ നയിച്ചതും സാക്ഷാൽ ഭഗവാൻ തന്നെ എന്ന് നായ്ക്കർക്ക് നല്ലതു പോലെ മനസ്സിലായി. തന്റെ ഭാര്യയെത്തന്നെ ഭഗവാൻ ഒരു ഉപാധിയായി ഉപയോഗിച്ചതായും മനസ്സിലായി.


ഈശ്വരഭക്തി, സന്യാസം, മന:ശ്ശാന്തി ഇത്രയും അരുളിയ ഭഗവാനെ ഉടനെ ചെന്ന് കാണണമെന്ന് ദാസർക്ക് ആവേശമായി. സന്യാസം സ്വീകരിക്കാനും തന്റെ ചഞ്ചലമായ മനസ്സിനെ അടക്കി നൽവഴിക്ക് നയിക്കുവാനും ഒരു ഗുരു അത്യന്താപേക്ഷിതമാണ് എന്ന് അദ്ദേഹം വിചാരിച്ചു. യോഗാഭ്യാസം കൊണ്ട് എല്ലാ സത്യങ്ങളേയും മനസ്സിലാക്കണം എന്നു വിചാരിച്ച് അദ്ദേഹം ആദ്യം സകുടുംബം വിജയനഗരത്തിലേയ്ക്ക് ചെന്നു. ശ്രീ വ്യാസരായരെ ഗുരുവായി വരിച്ചു. ദാസർ ഗുരുവിൽ നിന്നും എല്ലാ ശ്രേഷ്ഠധർമ്മങ്ങളേയും ആചാരങ്ങളേയും നല്ലതുപോലെ മനസ്സിലാക്കി. പുരന്ദരദാസർ എന്ന പേര് അദ്ദേഹത്തിനു നൽകിയത് വ്യാസരായരുടെ ശിഷ്യനായ സത്യധർമതീർത്ഥരാണ്. വ്യാസരായരുടെ മഠത്തിൽ ചേർന്നതിനു ശേഷം പുരന്ദരവിഠല എന്ന മുദ്ര ഉപയോഗിച്ച് അനേകം കീർത്തനങ്ങൾ ചെയ്യാൻ തുടങ്ങി. അതോടെ വ്യാസരായർ പുരന്ദരദാസർക്ക് വേദങ്ങൾ, ഉപനിഷത്തുക്കൾ, ശാസ്ത്രങ്ങൾ മുതലായ എല്ലാം പഠിപ്പിച്ചു കൊടുത്ത് ഭഗവാന്റെ ദർശനം കിട്ടാനും അദ്ദേഹത്തിന്റെ പാദങ്ങളിൽ ഐക്യമാകാനും പഠിപ്പിച്ചു കൊടുത്തു.

പുരന്ദരദാസർ തന്റെ കർത്തവ്യങ്ങളെ ഒരു ഹരിദാസനായി ചെയ്യാൻ ആഗ്രഹിച്ചു. അദ്ദേഹം തന്റെ ഭാര്യയ്ക്ക് ഒരുപാട് നന്ദി പറഞ്ഞു. അദ്ദേഹത്തിന്റെ ആദല്ലു ഒളിതെ ആയിത് എന്ന കൃതിയിൽ തന്റെ ജീവിതത്തെ മാറ്റ് മറിച്ച് ഭക്തിസാന്ദ്രമാക്കിയ ഭാര്യയെ പുകഴ്ത്തിയിരിക്കുന്നു. ജന്മസിദ്ധമായ സംഗീതവാസനയെ പ്രയോജനപ്പെടുത്തി നിരവധി കൃതികളിലൂടെ സാധാരണ ജനങ്ങൾക്ക് അദ്ധ്യാത്മികോപദേശവും നൽകി. അതിബൃഹത്തായ അദ്ദേഹത്തിന്റെ ഗാനരചനയിൽ സൂളാദി യാണ് അതിപ്രധാനമായി ഉപയോഗിച്ചിരിക്കുന്നത്. സൂളാദി എന്ന പദത്തിന് വളരെ സുഗമമായ വഴി എന്നാണ് അർത്ഥം.

പുരന്ദരദാസർ 4,75,000 - സൂളാദി കൃതികൾ രചിച്ചിട്ടുണ്ട് ഇവയിൽ രാഗത്തെക്കാളും താളത്തിന് മുഖ്യത്വം ഉണ്ടെന്നാണ് പറയപ്പെടുന്നത്. കൂടുതലായി ആദിതാളമാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. പുരന്ദരദാസരാൽ രചിക്കപ്പെട്ട, മായാമാളവഗൗളയിൽ സരളി വരിശകൾ, സ്വരാവലികൾ, ജണ്ഡ വരിശകൾ, 35 താള അലങ്കാരങ്ങൾ അനേകം ലക്ഷണ-ലക്ഷ്യ ഗീതങ്ങൾ, താന വർണ്ണങ്ങൾ, തില്ലാനകൾ (കീർത്തനങ്ങൾ കൂടാതെ) എന്നിവയും ഉൾപ്പെടുന്നു.

മനുഷ്യ ജന്മം കിട്ടുക വലുതാണ്. അതിനെ വേണ്ടതുപോലെ പ്രയോജനപ്പെടുത്തി സത്കർമ്മവും ഭഗവതി ഭജനവും ചെയ്ത് സംസാര സാഗരത്തിൽ നിന്നും മുക്തി നേടേണ്ടതാണ് എന്ന് മാനവ ജന്മ ദൊഡ്ഡദു എന്ന കീർത്തനത്തിൽ വിവരിക്കുന്നു. സംസാര സാഗരത്തിൽ മുങ്ങിപ്പോകാതെ അത് നീന്തിക്കടക്കേണ്ട ആവശ്യകതയേയും അദ്ദേഹം ഉപദേശിക്കുന്നു.

അതുപോലെ സംഗീതം എങ്ങനെയിരിക്കണമെന്ന് താള ബേകതക്കബേം എന്ന കൃതിയിൽ പറയുന്നു.





സംഗീതം ആലപിക്കുമ്പോൾ പ്രധാനമായും താളം, മേളം, യതി, പ്രാസം, ലയം ഇവയെല്ലാം ശരിയായി പ്രകടമാക്കണം. ശരീരശുദ്ധിയോടും പ്രസന്ന മുഖത്തോടും ക്ലേശം കൂടാതെയും വേണം പാടുവാൻ. അതുപോലെ പാടുന്ന ഗാനത്തിന്റെ അർത്ഥം മനസ്സിലാക്കി ഭക്തിയോടും ഭാവത്തോടും പാടിയാൽ കേൾക്കുന്ന ശ്രോതാക്കളിൽ ആനന്ദമുളവാക്കാൻ സാധിക്കും.

പുരന്ദരദാസരുടെ രചനകളിൽ സംഗീതത്തോടൊപ്പം ലഘുവായ രീതിയിൽ ഉപദേശവും ലളിതമായ ഭാഷയിൽ കൃതികളും നമുക്ക് ലഭിക്കുന്നു. മേൽ പറഞ്ഞ ഉപദേശങ്ങളെല്ലാം അദ്ദേഹത്തിന്റെ സ്വന്തം അനുഭവങ്ങളാണ്. അദ്ദേഹം ധാരാളം കൃതികൾ രചിച്ചിട്ടുണ്ടെങ്കിലും നമുക്ക് അല്പമായ കുറച്ചു കൃതികൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. അദ്ദേഹത്തിന്റെ കൃതികളെല്ലാം ലളിതമായ കന്നട ഭാഷയിൽ രചിച്ചതാണ്.

ശ്രീകൃഷ്ണനെ നിരവധി കൃതികളിൽ സ്തുതിക്കുന്നുണ്ടെങ്കിലും ഗണപതി, ഭാഗ്യാദലക്ഷ്മി എന്ന കൃതിയിൽ മഹാലക്ഷമി സ്തുതി, ശിവസ്തുതി ഇവയും ചെയ്തിട്ടുണ്ട്. കർണ്ണാടക സംഗീത പിതാമഹൻ എന്ന് അറിയപ്പെടുന്ന ദാസരാണ് ആധുനിക ശാസ്ത്രീയ സംഗീതത്തിന് രൂപം നൽകിയതും ഇന്നു നാം അഭ്യസിക്കുന്ന പദ്ധതി ആവിഷ്കരിച്ചതും പ്രാരംഭ പാഠങ്ങൾക്ക് മെച്ചപ്പെട്ട മായാമാളവഗൗള രാഗത്തെ തെരഞ്ഞെടുത്ത് തന്ന് സംഗീത അഭ്യാസനത്തെ വളരെ ലഘുവായും ലളിതമായും പഠിക്കാനും പഠിപ്പിക്കുവാനും വഴിയൊരുക്കിയ മഹാനാണ് അദ്ദേഹം. സംഗീത ലോകത്തിനും സംഗീതജ്ഞർക്കും ഭക്തിയുടെ മേന്മയും ഭഗവത് പ്രാപ്തിക്കുള്ള ഉപായം നശ്വരമായ ദേഹത്തെപ്പറ്റിയുള്ള അഭിമാനം ത്യജിച്ച് പാപവും അസത്യവും ചെയ്യാതെ ഈശ്വര ഭജനം ചെയ്ത് ജീവിക്കുന്നത് മുക്തിക്ക് വഴിയുണ്ടാക്കും എന്ന് ഉപദേശിച്ചരുളിയ ദാസർ 1564 ജനുവരി മാസം ഹംപി മണ്ഡപത്തിൽ വച്ച് ഇഹലോകവാസം വെടിഞ്ഞു.

With best compliments from

सिंडिकेटबैंक
SyndicateBank
विश्वसनीय. मैत्रीपूर्ण
Faithful. Friendly
भारत सरकार का उपक्रम A Govt. of India Undertaking



ട്ടാരത്തിന്റെ കവിയായും കലാകാരനായും ഇരുന്നയാളാണ്. അതുകൊണ്ടുതന്നെ കിരീടധാരിയായ ഗാംഭീര്യഭാവത്തോടുകൂടിയാണ് അദ്ദേഹം നിലകൊണ്ടത്. ഭഗവാനെയല്ലാതെ രാജാവിനെ ഒരിക്കലും പുകഴ്ത്തി അദ്ദേഹം പാടിയിട്ടില്ല.

ജാതിദ്വേഷം ഉഗ്രമായിരുന്ന കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മറ്റു കവികളിൽ നിന്നും തികച്ചും വ്യത്യസ്ഥനായിരുന്നു അദ്ദേഹം. ഭഗവാന്റെ മുൻപിൽ എല്ലാവരും സമന്മാരാണെന്ന് അദ്ദേഹം ദൃഢമായി ചിന്തിച്ചു. ഇതിനെപ്പറ്റി തന്റെ പാട്ടുകളിലും ശക്തിയായി പ്രതിപാദിച്ചിട്ടുണ്ട്. ആ വിധത്തിൽ അദ്ദേഹം ഒരു പുരോഗമന ചിന്താഗതിയുള്ള കവിയാണെന്നു കരുതാം.

അന്നമാചാര്യ സമാർത്ഥ പരമ്പരയിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ വൈഷ്ണവ-ശൈവ ചൈതന്യത്തെ പൂജിക്കുന്നവരാണ്. അദ്ദേഹം ഭാരദ്വാജ ഗോത്രത്തിൽപ്പെട്ടയാളാണ് പാരമ്പര്യസ്വത്തുക്കളും ധാരാളം ഉണ്ടായിരുന്നു. പക്ഷെ, സ്വത്തിന്റെ ഭൂരിഭാഗവും ശ്രീ വെങ്കടാചലപതിയുടെ സേവയ്ക്കായാണ് അദ്ദേഹം ചിലവഴിച്ചത്.

അന്നമാചാര്യരുടെ പിതാവ് ശ്രീ നാരായണ സൂര്യ കാശി നഗരത്തിൽനിന്നും 10-ാം നൂറ്റാണ്ടിൽ ആന്ധ്രാപ്രദേശത്തിലേയ്ക്ക് കുടിയേറി. നന്ദവൈദിഹ ബ്രാഹ്മണ കുലത്തിൽപ്പെട്ടയാളാണ് അദ്ദേഹം. ആ പരമ്പരയിലാണ് അന്നമാചാര്യ ജനിച്ചത്. നാരായണ അച്ചർ എന്നുള്ളയാൾ അന്നമാചാര്യയുടെ മുൻ തലമുറിയിൽ ഉള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലും ഒരു അതിശയം നടത്തിയിട്ടുണ്ട്. തന്റെ മകൻ വേദത്തെ പൂർണ്ണമായി അഭ്യസിക്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. ഊടുക്കൂർ എന്ന സ്ഥലത്ത് തന്റെ ബന്ധുക്കളോടൊപ്പം വേദാഭ്യാസത്തിനായി അദ്ദേഹം മകനെ അയച്ചു. പക്ഷെ, നാരായണ അയ്യർക്ക് പഠിപ്പു വന്നില്ല. അച്ഛന്റെ ആഗ്രഹം പൂർത്തീകരിക്കാനാവാത്ത ദുഃഖത്തിൽ മകൻ മരിക്കാൻ തീരുമാനിച്ചു. അവിടുത്തെ കാവൽ ദൈവമായ ചിത്താളമ്മാർ ക്ഷേത്രത്തിൽ ചെന്ന് അവിടുത്തെ പാമ്പുപുറ്റിൽ കൈയ്യിട്ടു. അപ്പോൾ ദേവി പ്രത്യക്ഷപ്പെട്ട് മകനേ വിഷമിക്കാതെ തുടർന്ന് പഠിക്കാൻ ശ്രമിക്കൂ. കുറച്ച് കാലം കൊണ്ട് നീ വേദം നല്ലതുപോലെ പഠിക്കും. ഇതിനുവേണ്ടി നിന്റെ ഗ്രാമമായ താള്ളപാക്കത്തിൽപ്പോയി ചെന്നകേശവ പെരുമാളെ ദിവസവും ദർശിക്കണം. നിന്റെ വംശത്തിൽ മൂന്നു തലമുറ കഴിഞ്ഞ് ജനിക്കാൻ പോകുന്ന ഒരുവൻ പരമ ഭാഗവതരായി നിങ്ങളുടെ കാലത്തിനുതന്നെ നല്ലപേരും കീർത്തിയും നേടിത്തരുമെന്ന് ദേവി അനുഗ്രഹിച്ചു. ആ വംശത്തിന്റെ വിത്താണ് ശ്രീ അന്നമാചാര്യ തങ്ങൾക്ക് ദേവിയുടെ അനുഗ്രഹം ലഭിച്ച ഒരു മകനാണ് പിറക്കാൻ പോകുന്നതെന്നറിഞ്ഞ് അന്നമാചാര്യയുടെ മാതാപിതാക്കൾ അങ്ങേയറ്റം സന്തോഷിച്ചു. കല്യാണം കഴിഞ്ഞ് പലവർഷങ്ങളായും ഒരു കുഞ്ഞുണ്ടാകാത്ത ദുഃഖത്തിൽ നാരായണസൂരിയും ലക്കമ്മാവും ദുഃഖത്തോടുകൂടി ശ്രീ തിരുപ്പതി വെങ്കടാചലപതിയെ ദർശിക്കുവാനായി മലകയറി. ഭഗവാനെ ദർശനം ചെയ്ത് മനഃമുരുകി പ്രാർത്ഥിച്ച് അന്നു രാത്രി അവിടെത്തന്നെ തങ്ങി. അന്നുരാത്രി ഭാര്യാ ഭർത്താക്കന്മാർക്ക് സ്വപ്നത്തിൽ ഭഗവാൻ നന്ദകരൂപത്തിൽ ദർശനം നൽകി. ശ്രീ തിരുപ്പതി വെങ്കടാചലപതിയുടെ അഞ്ച് ആയുധങ്ങളിൽ ഒന്നാണ് നന്ദകം. നന്ദകത്തിന്റെ അംശമായി നിങ്ങൾക്ക് ഒരു മകൻ ജനിക്കും എന്ന് ഭഗവാൻ അരുൾ ചെയ്തു. വൈശാഖമാസം വിശാഖം നക്ഷത്രത്തിൽ ഒരാൺകുട്ടി ജനിച്ചു. ആ കുട്ടിക്ക് അന്നമയ്യാ എന്നു പേരിട്ടു. അഞ്ചുവയസ്സിൽ അന്നമയ്യായ്ക്ക് ഉപനയനം നടത്തി.

ചെറുപ്പകാലത്തിൽതന്നെ തന്റെ മാർഗ്ഗം ഭക്തിയാണെന്ന് ശ്രീ അന്നമാചാര്യ തിരിച്ചറിഞ്ഞു. തിരുപ്പതിയിലേയ്ക്ക് യാത്രപോകാൻ വന്ന യാത്രികരോടൊപ്പം അദ്ദേഹവും പാലായനം ചെയ്തു. പക്ഷെ, യാത്രികർക്കൊപ്പം എത്താതെ അദ്ദേഹം ഒരു പാറയുടെ മുകളിൽ വിശപ്പും ദാഹവുംമൂലം ക്ഷീണിച്ച് അവശനായി ഉറങ്ങി. അപ്പോൾ ഒരു സ്ത്രീവന്ന് അദ്ദേഹത്തിന്റെ തന്റെ കയ്യാൽ ആഹാരം ഊട്ടിക്കൊടുത്തു. ഇത് സാളഗ്രാമത്തിനാൽ നിർമ്മിതമായ സ്ഥലമാണെന്നും അതിനാൽ ഇവിടെ ചെരുപ്പ് ധരിക്കാൻ പാടില്ലായെന്നും പറഞ്ഞ് എങ്ങനെയാണ് തിരുമലയ്ക്ക് പോകേണ്ട വഴിയെന്ന് മനസ്സിലാക്കി. പെട്ടെന്ന് കണ്ണിൽ നിന്നും മറഞ്ഞു. വന്നത് സാക്ഷാൽ പദ്മാവതി ദേവിയാണെന്ന് അദ്ദേഹം മനസ്സിലാക്കി. ആ നിമിഷം തന്നെ അദ്ദേഹം ചെരുപ്പൂരിയെറിഞ്ഞ് 100 പാട്ടുകൾ കൊണ്ട് ഒരു കാവ്യം ഉണ്ടാക്കി. അതിന്റെ ഉള്ളടക്കം അന്നെ പദ്മാവതിയുടെ കരുണ മനസ്സിലാക്കി. പുകഴ്ത്തി പാടിയ കാവ്യവുമായി കരുതുന്നു. ആ കാവ്യത്തിന്റെ പേര് ശ്രീ വെങ്കടേശ്വര ചതകമു എന്നാണ്. ഇതിന്റെ എല്ലാ കീർത്തി ശ്രീ വെങ്കടേശ്വര പെരുമാളിന് മാത്രമാണെന്ന് അദ്ദേഹം പ്രകീർത്തിച്ചു.

ഏതു ദൈവത്തെ നിങ്ങൾ സ്തുതിച്ചാലും അത് വെങ്കടാചലപതിയുടെ പാദാരവിന്ദങ്ങളിൽ ഐക്യമാകും എന്ന് അദ്ദേഹം അരുൾ ചെയ്തു. ഈ ശു ചരിത്രം വായിച്ച് എല്ലാവർക്കും എല്ലാ ഐശ്വര്യവു ക്ഷേമവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.